**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഭാരതിയാർ സർവ്വകലാശാലയുടെ Bachelor of Science in Biochemistry with Nanotechnology (Regular) ബിരുദം സർവ്വകലാശാലയുടെ M.Sc. Biochemistry പ്രോഗ്രാമിലേയ്ക്കുള്ള പ്രവേശന യോഗ്യതയായി അംഗീകരിക്കുന്നതിനുള്ള ശിപാർശ - സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം 3 വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 9 സെക്ഷൻ**

നമ്പർ. 12278/AC A 9/2022/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 03.12.2022

---

*പരാമർശം:*-1) നമ്പർ 66531/EH 15-2/2022/EH 15, DDFS ഫയലിലെ നടപടിക്രമങ്ങൾ.

2) ബയോകെമിസ്ട്രി (യു.ജി. & പി.ജി.) ബോർഡ് ഓഫ് സ്റ്റഡീസ് അദ്ധ്യക്ഷയുടെ 24.11.2022 തീയതിയിലെ ശിപാർശ.

3) സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം 3 വകുപ്പ് 10 (17) നൽകുന്ന അധികാരം ഉപയോഗിച്ച് ബഹു:വൈസ് ചാൻസലർ നൽകിയ 01.12.2022 തീയതിയിലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

ഭാരതിയാർ സർവ്വകലാശാല, കോയമ്പത്തൂർ നിന്നും Bachelor of Science in Biochemistry with Nanotechnology (Regular) ബിരുദം നേടിയ വിദ്യാർത്ഥിനികൾ സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജിൽ M.Sc. Biochemistry പ്രോഗ്രാമിലേയ്ക്ക് 2021-2022 അദ്ധ്യയന വർഷം പ്രവേശനം നേടിയതായി സൂചന (1) പ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു.

സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ നിലവിൽ B.Sc. Biochemistry പ്രോഗ്രാം നടത്തപ്പെടാത്തതിനാൽ Bachelor of Science in Biochemistry with Nanotechnology (Regular) എന്ന പ്രോഗ്രാമിന് ആയതുമായി തുല്യത നൽകുന്നതിന് സാങ്കേതിക തടസ്സങ്ങൾ നിലനിന്നിരുന്നു.ആയതിനാൽ പ്രസ്തുത പ്രോഗ്രാമിനെ M.Sc Biochemistry പ്രോഗ്രാമിലേയ്ക്കുള്ള പ്രവേശന യോഗ്യതയായി അംഗീകരിക്കാവുന്നതാണോ എന്നതിൽ ബയോകെമിസ്ട്രി, ബോർഡ് ഓഫ് സ്റ്റഡീസ് അദ്ധ്യക്ഷയുടെ അഭിപ്രായം തേടിയിരുന്നു.ഭാരതിയാർ സർവ്വകലാശാലയുടെ Bachelor of Science in Biochemistry with Nanotechnology (Regular) പ്രോഗ്രാമിന്റെ സിലബസ്, ബോർഡ് ഓഫ് സ്റ്റഡീസ് പരിശോധിക്കുകയും പ്രസ്തുത ബിരുദ പ്രോഗ്രാമിനെ സർവ്വകലാശാലയുടെ M.Sc. Biochemistry പ്രോഗ്രാമിലേയ്ക്കുള്ള പ്രവേശന യോഗ്യതയായി അംഗീകരിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം ശിപാർശ സമർപ്പിക്കുകയും ചെയ്തിരുന്നു.

മേൽ ശിപാർശ സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം 3 വകുപ്പ് 10 (17) നൽകുന്ന

Draft #2 of File 173186/AC A9-1/2022/ACAD Approved by ASSISTANT REGISTRAR III (ACADEMIC) on 03-Dec-2022 10:51 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

അധികാരം ഉപയോഗിച്ച് പരാമർശം (3) പ്രകാരം ബഹു:വൈസ് ചാൻസലർ അംഗീകരിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

റേച്ചൽ കെ ഐ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1). വി.സി. / പി.വി.സി. എന്നിവരുടെ പി.എസ്.മാർ

2) രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ

3) ജെ.ആർ. II (ഭരണവിഭാഗം)/ ഡി.ആർ. II/എ.ആർ. III (അക്കാദമിക് വിഭാഗം)

4) ജെ.ആർ.III/ഡി.ആർ.II/എ.ആർ.XXII (പരീക്ഷാ വിഭാഗം)

5) CAP സെൽ / ഇ.എച്ച്.15 സെക്ഷൻ

6) കണ്ടന്റ് മാനേജ്മെന്റ് / ഐ.ക്യൂ.എ.സി./റെക്കോർഡ്സ് സെക്ഷനുകൾ

7) സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

File number: 173186/AC A9-1/2022/ACAD

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 173186/AC A9-1/2022/ACAD Approved by ASSISTANT REGISTRAR III (ACADEMIC) on 03-Dec-2022 10:51 AM - Page 2